**ക്രമപ്രശ്നം**

ബിൽ സർക്കുലേറ്റ് ചെയ്യുന്നതിലെ കാലതാമസം

ഡോ. മാത്യു കുഴൽനാടൻ: സർ, ഏറെക്കാലമായി വളരെയധികം ആശങ്കയുണ്ടാക്കിയിട്ടുള്ളതും ധാരാളം പേർ ഡിമാന്റ് ചെയ്തിട്ടുള്ളതുമായ ഒരു ബില്ലാണിത്. റൂൾസ് ഓഫ് പ്രൊസീഡ്യുവർ 69 (5) പ്രകാരം, "Where a Bill is published in Malayalam, the translation of the same in the English version shall also be published under the authority of the Governor in pursuance of Article 348 (3) of the Constitution and copies of the Bill circulated among Members before the date of introduction of the Bill. Where the Bill is published in English, the translation of the Bill in Malayalam version shall be published and [copies circulated among the Members before the date of introduction of the Bill]". ഇത് amended version ആണ്. നേരത്തെയാണെങ്കിൽ രണ്ട് ദിവസംമുമ്പ് ബിൽ സർക്കുലേറ്റ് ചെയ്യണമായിരുന്നു. ഇന്നലത്തെ കവറിൽ ഈ ബിൽ ലഭിച്ചിട്ടില്ല. നമുക്കെല്ലാം സഭയിൽ മറുപടി പറയാൻ തയ്യാറായി വരണമെങ്കിൽ ബില്ലിന്റെ ഡ്രാഫ്റ്റെങ്കിലും ലഭിക്കേണ്ടതല്ലേ? ഈ ബിൽ

അവതരിപ്പിക്കുന്നത് തടസ്സപ്പെടുത്താനായി പറയുന്നതല്ല. വളരെയധികം ലാഘവത്തോടുകൂടി ബില്ലുകൾ അവതരിപ്പിക്കുന്നത് നല്ല രീതിയല്ല. ബിൽ സംബന്ധിച്ച് തയ്യാറെടുപ്പ് നടത്താനുള്ള സമയം ലഭിച്ചിട്ടില്ലെന്ന വീഴ്ച ചൂണ്ടിക്കാണിക്കുകയെന്നുള്ളതാണ് പ്രധാനം.

റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി (ശ്രീ. കെ. രാജൻ): സർ, ബഹുമാനപ്പെട്ട അംഗം അങ്ങനെയൊരു വാദഗതി ഉന്നയിക്കുന്നതിലെ പ്രയാസം ഞാൻ രേഖപ്പെടുത്തുകയാണ്. അങ്ങേയ്ക്ക് അറിയാവുന്നതുപോലെ, 1960-ൽ ആരംഭിച്ച് വർഷങ്ങൾക്കുശേഷം നാട്ടിലെ മുഴുവൻ ജനങ്ങളുടെയും ഭരണ-പ്രതിപക്ഷ വ്യത്യാസമില്ലാതെ ജനപ്രതിനിധികളുടെയും ദീർഘകാലത്തെ ആവശ്യം പരിഗണിച്ചാണ് ഈ നിയമത്തിന്റെ തയ്യാറെടുപ്പിലേയ്ക്ക് പോയിട്ടുള്ളത്. നിയമസഭയിൽ നിരവധി ഉപക്ഷേപങ്ങൾ, സബ്മിഷനുകൾ, ശ്രദ്ധക്ഷണിക്കലുകൾ തുടങ്ങിയവയും ബഹുമാനപ്പെട്ട അഡ്വക്കേറ്റ് ജനറൽ ഉൾപ്പെടെയുള്ളവരുടെ അഭിപ്രായങ്ങളും കേരളത്തിൽ ദീർഘകാലമായി നടന്നുകൊണ്ടിരിക്കുന്ന നിരവധി നിയമയുദ്ധങ്ങളും അങ്ങനെ അക്ഷരാർത്ഥത്തിൽ മൂന്നാറിലോ ഇടുക്കിയിലോ മാത്രമല്ല കേരളത്തിലാകെ പതിച്ചുകൊടുക്കപ്പെട്ട ഭൂമിയിലെ വ്യവസ്ഥാ ലംഘനങ്ങൾ

സംബന്ധിച്ച് വലിയ പ്രശ്നമുണ്ടായ ഘട്ടത്തിലാണ് ബില്ലിലേയ്ക്ക് കടക്കുന്നത്. അടിയന്തര പ്രാധാന്യമുള്ള വിഷയമായിട്ടാണ് സർക്കാർ ഇതിനെ കാണുന്നത്. അതുകൊണ്ട് ഈ സഭാസമ്മേളനത്തിൽത്തന്നെ ഈയൊരു ബിൽ അവതരിപ്പിക്കണമെന്ന് ഇടതുപക്ഷ ജനാധിപത്യ മുന്നണി സർക്കാരിന് വലിയ ആഗ്രഹവും നിർബന്ധവുമുണ്ട്. ഈ ബിൽ അവതരിപ്പിക്കാൻ നേരത്തേ ഷെഡ്യൂൾ ചെയ്തതാണെങ്കിലും ഇത് അവതരിപ്പിക്കാനുള്ള തീയതി ആദ്യത്തെ ബി.എ.സി. കൂടി ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവിന്റെയും മുഖ്യമന്ത്രിയുടെയും സാന്നിദ്ധ്യത്തിൽ ബഹുമാനപ്പെട്ട സ്പീക്കർ അദ്ധ്യക്ഷനായി നമ്മൾ തീരുമാനിച്ചിരുന്നതാണ്. എന്നാൽ ഇന്നലെ ചേർന്ന ബി.എ.സി. യോഗത്തിൽ 16-08-2023-ന് അവതരിപ്പിക്കാൻ നിശ്ചയിച്ചിരിക്കുന്ന എല്ലാ ബില്ലുകളും നേരത്തെ അവതരിപ്പിക്കണമെന്ന പൊതുനിർദ്ദേശമുണ്ടായപ്പോൾ ഈ സഭാസമ്മേളനത്തിനുള്ളിൽ ഇത് അവതരിപ്പിക്കണമെന്ന് നിർബന്ധമുള്ളതുകൊണ്ടാണ് വളരെയേറെ ധൃതിപിടിച്ച് അവതരിപ്പിക്കുന്നത്. യഥാർത്ഥത്തിൽ ഈ ബിൽ അവതരിപ്പിച്ച് നിയമം ഓപ്പൺ ചെയ്യുന്നുവെന്ന് മാത്രമേയുള്ളൂ. ഇതുമായി ബന്ധപ്പെട്ട മറ്റെല്ലാ കാര്യങ്ങളും നിർവ്വഹിക്കുന്നത്

ചട്ടത്തിന്റെ അടിസ്ഥാനത്തിലാണ്. മാത്രമല്ല, സബ്ജക്ട് കമ്മിറ്റിക്ക് അയയ്ക്കാനുള്ള പ്രമേയം മാത്രമേ ഈ ബിൽ അവതരണത്തിലുള്ളൂ. അതിനുശേഷം ആവശ്യമായ പരിഗണനകളും, എല്ലാ അംഗങ്ങൾക്കും വകുപ്പ് തിരിച്ച് ചർച്ച ചെയ്യാനുള്ള ആവശ്യങ്ങളുമെല്ലാം പരിഗണിച്ചതിനുശേഷം മാത്രമാണ് ഈ ബിൽ എടുക്കുന്നത്. അതുകൊണ്ട് ഇത്രയും ഗൗരവമുള്ള ബില്ലാണിതെന്ന് നേരിട്ടറിയാമായിരുന്നിട്ടും ഇതെല്ലാം ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവുൾപ്പെടെ അംഗീകരിച്ച് ഈ സഭയിൽ അവതരിപ്പിക്കുന്ന കാര്യത്തിൽ തടസ്സവാദം ഉന്നയിക്കുന്നത് ശരിയല്ല. അത് പിൻവലിക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുന്നു. ഈ ബില്ലിലെ തടസ്സവാദങ്ങൾ ശരിയല്ല. മേലിൽ ഇത്തരമൊരു പ്രശ്നമുണ്ടാകില്ല. പ്രത്യേകമായി ഈ ബില്ലിനോടുള്ള താൽപര്യംകൊണ്ടുകൂടിയാണ് ഇക്കാര്യം ഉന്നയിക്കണമെന്ന് ഞങ്ങൾ ആഗ്രഹിച്ചത്. അതുകൊണ്ട് ഈ തടസ്സം നിലനിൽക്കാത്ത വിധം ബിൽ അവതരണത്തിന് അനുമതി നൽകണമെന്ന് ഞാൻ അഭ്യർത്ഥിക്കുന്നു.

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. ആർ. രാജീവ്): സർ, ബിൽ അവതരിപ്പിക്കേണ്ടതില്ലായെന്നത് പ്രസ് ചെയ്താൽ നമുക്കത് ചർച്ച

ചെയ്യാവുന്നതാണ്.

<u>ഡോ. മാത്യു കുഴൽനാടൻ</u>: സർ, ബിൽ അവതരണം തടസ്സപ്പെടുത്തിയതല്ല. ഈ ബില്ലിന്റെ ഗൗരവവും സ്പിരിറ്റുമെല്ലാം ഉൾക്കൊള്ളുന്നു. But at the same time we should not be casual about it.

(റൂളിംഗ്)